**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 615 — 29.11.2018-ലെ മറുപടിയ്ക്ക്

**ഫുട്ബോളിന്റെ ജനപ്രീയത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| ലോകത്തിലെ ഏറ്റവും ജനകീയ കായിക വിനോദമായ ഫുട്ബോളിന്റെ ജനപ്രീയത വർദ്ധിപ്പിക്കുന്നതിനും പ്രതിഭയുള്ള യുവ കളിക്കാരെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനും കായിക വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | **ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**<br>ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി (Catch them Young) വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 18 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്ക് പുറമേ പ്രസ്തുത സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് ദീർഘകാല പരിശീലനം ലഭ്യമാക്കുന്നത്.<br>ഫുട്ബോൾ കായിക ഇനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ വഴി പ്രതിഭയുള്ള യുവകളിക്കാരെ കണ്ടെത്തി പരിശീലനം നൽകി വരുന്നുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡും നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി |

| | |
|---|---|
| | നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമന പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നതിനായി പരിഗണിക്കുന്ന വിവിധ മത്സര ഇനങ്ങളിൽ ഫുട്ബോളും ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**